# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം .239 — 14.02.2013 -ൽ മറുപടിയ്ക്ക്

## എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഓൺലൈൻ രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. വാഹീദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. വർക്കല കഹാർ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഓൺലൈൻ രജിസ്ട്രേഷൻ ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) | ഉണ്ട്.<br>നിലവിൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉപയോഗിച്ച് വരുന്ന ക്ളൈയന്റ് സെർവർ ബേസ്ഡ് തൊഴിൽ സോഫ്റ്റ്‌വെയറിനു പകരം എവിടെ നിന്നും എപ്പോഴും അക്സസ് ചെയ്യാൻ കഴിയുന്നതും ഓൺലൈൻ സേവനങ്ങൾ കൂടി സാദ്ധ്യമാകുന്നതുമായ NIC യുടെ വെബ് ബേസ്ഡ് സോഫ്റ്റ്‌വെയറായ CASE -ലേക്ക് മൈഗ്രേറ്റ് ചെയ്യുന്നതിലൂടെ കൂടുതൽ കാര്യക്ഷമവും സുതാര്യവുമായ സേവനം നൽകുവാൻ സാധിക്കും. |
| (ബി) | ഈ സംവിധാനം വഴി രജിസ്റ്റർ ചെയ്യുവർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കാമോ; | (ബി) | (1) ഓൺലൈൻ രജിസ്ട്രേഷൻ<br>(2) ഓൺലൈൻ റിന്യൂവൽ<br>(3) ഓൺലൈൻ സർട്ടിഫിക്കറ്റ് ചേർക്കൽ<br>(4) മൊബൈൽനമ്പർ/ഫോൺ നമ്പർ/ ഇ.മെയിൽ എന്നിവയിലൂടെ വിവരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ രജിസ്ട്രേഷൻ റിക്കാർഡിൽ ചേർക്കുക.<br>(5) രജിസ്ട്രേഷൻ റിക്കാർഡുകൾ ഓൺലൈനിൽ നേരിട്ട് കണ്ട് പരിശോധിക്കുവാനും അപാകതകളോ തെറ്റുകളോ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിന് എംപ്ളോയ്മെന്റ് ഓഫീസറെ ബന്ധപ്പെടുവാനും കഴിയും. |

| | | | |
|---|---|---|---|
| | | | (6) രജിസ്ട്രേഷൻ റിക്കാർഡിന്റെ പ്രിന്റൗട്ട് എടുക്കുക.<br>(7) രജിസ്ട്രേഷൻ ഐഡന്റിറ്റി കാർഡിന്റെ പ്രിന്റൗട്ട് എടുക്കുക.<br>(8) നോട്ടിഫൈ ചെയ്ത വേക്കൻസികൾ കാണുവാൻ കഴിയുക.<br>(9) ഉദ്യോഗദായകർക്കും ഓൺലൈനിൽ വേക്കൻസി നോട്ടിഫൈ ചെയ്യുവാൻ കഴിയും.<br>(10) ഉദ്യോഗദായകർക്ക് ഓൺലൈനായി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാക്കാൻ കഴിയും.<br>(11) അറിയിക്കപ്പെട്ട ഒഴിവുകളിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികളുടെ വിവരം ഏവർക്കും കാണുവാനും കഴിയും.<br>(12) എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ, വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഓൺലൈൻ റിപ്പോർട്ടുകൾ നൽകുവാനും കൺസോളിഡേറ്റ് ചെയ്യുവാനും കഴിയും. |
| (സി) | ഉദ്യോഗാർത്ഥികളെ തൊഴിലവസരങ്ങൾ അറിയിക്കാൻ എസ്.എം.എസ്. അലർട്ട് സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | CASE സോഫ്റ്റ്‌വെയറിന്റെ രണ്ടാം ഘട്ടത്തിൽ എസ്.എം.എസ് അലർട്ട് സംവിധാനം ഏർപ്പെടുത്തുന്നതാണ്. |
| (ഡി) | ഇതിനായി ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ഡി) | ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ